"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - എൻ സി ഡി സി - വകയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 847 ന് ധനസഹായം - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.520/2025/Co-Op തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. എൻ സി ഡി സി റീജിയണൽ ഡയറക്ടറുടെ 14/07/2016 ലെ എൻ സി ഡി സി 59/18/2015 (TVM)/79/SA 60054/210 നം. കത്ത്
2. സ.ഉ.(സാധാ)നം.569/2016/സഹ തീയതി 14/11/2016
3. എൻ.സി.ഡി.സി യുടെ 26/5/2023 ലെ NCDC:59-18/2015(TVM)/162/RB30167 നം. കത്ത്
4. സ.ഉ.(സാധാ)നം.362/2024/സഹ തീയതി 12/07/2024
5. സഹകരണ സംഘം രജിസ്ട്രാറുടെ 02/07/2025 ലെ പി&എം എ (3) 12483/24 നം. കത്ത്
6. സ.ഉ(സാധാ)നം.381/2025/സഹ തീയതി 16/8/2025
7. സർക്കുലർ നം.35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

വകയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നമ്പർ 847 ന് ഹെഡ് ആഫീസ് കെട്ടിട വിപുലീകരണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻ.സി.ഡി.സി ധനസഹായമായി 39.60 ലക്ഷം രൂപ (ഓഹരി - 17.60 ലക്ഷം രൂപ, വായ്പ – 22.00ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം എൻ.സി.ഡി.സി യുടെ അനുമതി ലഭിക്കുകയും ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 14.30 ലക്ഷം രൂപ പരാമർശം (2) പ്രകാരം അനുവദിച്ചു നൽകിയിരുന്നു. ടി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 25.30 ലക്ഷം രൂപ (ഓഹരി - 8.80 ലക്ഷം രൂപ, 4425-108-42-34-3 ശീർഷകം ,വായ്പ 16.50 ലക്ഷം രൂപ ,6425-108-19 ശീർഷകം) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി നല്കിയെങ്കിലും തുക റിലീസ് ചെയ്തു നല്കിയിരുന്നില്ല. പ്രസ്തുത തുക 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്തു നല്കുന്നതിലേക്കായി പരാമർശം (6) പ്രകാരം ഭരണാനുമതി പുതുക്കി

നൽകിയിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ വകയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 847 ന് ഹെഡ് ആഫീസ് കെട്ടിട വിപുലീകരണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി അനുവദിച്ചിരുന്ന എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 25.30 ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) (ഓഹരി - 8.80 ലക്ഷം രൂപ, 4425-108-42-34-3 ശീർഷകം ,വായ്പ 16.50 ലക്ഷം രൂപ ,6425-108-19 ശീർഷകം) 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (7) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മേൽ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ അഗ്രി (സി) വകുപ്പ് (അഗ്രി സി1-165/2023/ധന)

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ,കരുതൽ ഫയൽ (ബി3/139/2025/സഹ)

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 16-12-2025 10:56:24
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.